(ബി) ആവശ്യം പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ഹൈസ്കൂൾ ഇല്ലാത്ത ഏതാനും സ്ഥലങ്ങളിൽ പുതിയ ഹൈസ്കൂൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അവിടെ പ്ലസ് ടു അനുവദിച്ചിട്ടുണ്ട്.

(ഇ) പുതിയ സ്കൂളുകൾ അനുവദിക്കണമെന്ന് എൻ.എസ്.എസ്. ഇപ്പോൾ ആവശ്യം ഉന്നയിക്കുന്നില്ല.

(എഫ്) ഹൈസ്കൂൾ ഉള്ള സ്കൂളുകളിലെ പ്ലസ് ടു അനുവദിക്കുകയുള്ളൂ എന്നുള്ളത് സർക്കാരിന്റെ ന്യായമാണ്. ഒരു മേഖലയിലെ വിദ്യാഭ്യാസ ആവശ്യകത അനുസരിച്ചാണ് പ്ലസ് ടു അനുവദിച്ചിട്ടുള്ളത്.

സ്കൂളുകളിൽ പ്ലസ് ടു കോഴ്സിന് അനുമതി നൽകുന്നതിന്റെ മാനദണ്ഡം

5(*94) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് തുടങ്ങാൻ അനുമതി നൽകുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ ;

(ബി) പ്ലസ് ടു കോഴ്സ് അനുവദിച്ചതിൽ വിവേചനം ഉണ്ടായിട്ടുണ്ടെന്ന ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കോളേജുകളിൽ ഉണ്ടായിരുന്ന പ്രീഡിഗ്രി ബാച്ചുകൾ ഡിലിങ്ക് ചെയ്യുമ്പോൾ അതിന് ആനുപാതികമായ വിധം പ്ലസ് ടു സീറ്റുകൾ അനുവദിച്ചിട്ടുണ്ടോ ;

(ഡി) കൂടുതൽ പ്ലസ് ടു സീറ്റുകൾ സർക്കാർ സ്കൂളുകളിലാണോ സഹകാര്യ സ്കൂളുകളിലാണോ അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ഇ) നിലവിലുള്ള സ്കൂളുകളിൽ അല്ലാതെ പുതിയതായി പ്ലസ് ടു ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനങ്ങളുടെയോ പേരിൽ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകാമോ ;

(എഫ്) പ്ലസ് ടു തുടങ്ങാൻ അനുമതി നൽകിയ സ്കൂളുകളിൽ കോഴ്സ് തുടങ്ങാൻ ആവശ്യമായ സംവിധാനമുണ്ടോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ജി) പഠനസൗകര്യം ഉള്ള സ്കൂളുകളെ ഒഴിവാക്കി സൗകര്യമില്ലാത്ത സ്കൂളുകളിൽ അനുമതി നൽകി എന്ന ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പ്ലസ് ടൂ അനുവദിച്ചതിൽ വ്യാപകമായ അഴിമതി ഉണ്ടായിട്ടുണ്ടെന്ന ആരോപണത്തെക്കുറിച്ച് നിഷ്പക്ഷമായ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) മാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് (ജി.ഒ. എം.എസ്.107/2000/ജന. എഡ്യൂ. തീയതി 30/3/2000) അടക്കം ചെയ്യുന്നു.*

(ബി) ആവശ്യാനുസരണം അനുവദിച്ചിട്ടില്ല എന്ന് പരാതി ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്വകാര്യ സ്കൂളുകളിലാണ് കൂടുതൽ പ്ലസ് ടൂ സീറ്റുകൾ അനുവദിച്ചിട്ടുള്ളത്.

(ഇ) ഏതാനും പുതിയ ഹൈസ്കൂളുകൾ അനുവദിച്ച് അവിടെ പ്ലസ് ടൂ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്. ആവശ്യമായ സൗകര്യങ്ങൾ ഉള്ള സ്കൂളുക്കളിലാണ് കോഴ്സ് അനുവദിച്ചിട്ടുള്ളത്.

(ജി) ഉണ്ട്.

(എച്ച്) അടിസ്ഥാനരഹിതമായ ആരോപണം ആയതുകൊണ്ട് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നില്ല.

ഡി. പി. ഇ. പി. പാഠ്യപദ്ധതി സംബന്ധിച്ച് പഠനം

6 (*96) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഡി.പി.ഇ.പി. പാഠ്യപദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) വിദ്യാർത്ഥികളുടെ പഠനാഭിമുഖ്യം, പഠനശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഡി.പി.ഇ.പി.യുടെ ആവിർഭാവത്തോടെ സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly